## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.590** **29.11.2018-ൽ മറുപടിയ്ക്ക്**

### കണ്ണൂർ, പാലക്കാട് ജില്ലകളിൽ വ്യവസായ പാർക്കുകൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.സണ്ണി ജോസഫ്** | **ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| **എ)** കണ്ണൂർ, പാലക്കാട് ജില്ലകളിൽ വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിനായി കിഫ്ബിയിൽ നിന്നും തുക അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | **എ)** ഉണ്ട്. ഇതിലേക്കായി കിഫ്ബിയിൽ നിന്നും 12700/- കോടി രൂപയുടെ സ്ഥലമെടുപ്പ് പദ്ധതി അംഗീകരിച്ചിട്ടുണ്ട്. |
| **ബി)** എത്ര ഏക്കർ സ്ഥലമാണ് പ്രസ്തുത പാർക്കുകൾക്കായി ഏറ്റെടുക്കുന്നത്; | **ബി)** 5366 ഏക്കർ സ്ഥലമാണ് പദ്ധതികൾക്കായി ഏറ്റെടുക്കുന്നത്. |
| **സി)** പ്രസ്തുത പാർക്കുകൾക്കായി മുടക്കുന്ന തുക എപ്രകാരം ഈടാക്കുവാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | **സി)** പദ്ധതികൾക്കായി ഏറ്റെടുക്കുന്ന ഭൂമിയിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് വ്യവസായ സംരംഭകർക്ക് പാട്ട വ്യവസ്ഥയിൽ നല്കാനാണ് ഉദ്ദേശിക്കുന്നത്. ഭൂമി ഏറ്റെടുക്കുന്നതിന് ചിലവായ തുക വ്യവസായ സംരംഭകരിൽ നിന്ന് അവർക്ക് അലോട്ട് ചെയ്യുന്ന ഭൂമിയുടെ ആനുപാതികമായി ഈടാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇപ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് ചിലവായ തുക കിൻഫ്രക്ക് തിരികെ ലഭിക്കുന്ന രീതിയിലാണ് വിഭാവനം ചെയ്തിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**